നമ്പർ 292/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര മെത്രാപ്പോലീത്താമാരുടെ ആസ്ഥാനവും, നമ്മുടെ വൈദിക സെമിനാരിയുടെ ഉറവിടവും, കേരളത്തിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ച കേന്ദ്രവുമായ പഴയ സെമിനാരിയുടെ സ്ഥാപക പിതാവ് "സഭാജ്യോതിസ് " പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തായുടെ 191-ാമതു ശ്രാദ്ധപ്പെരുന്നാളും, വൈദിക സെമിനാരിയുടെ ആധുനിക ശില്പിയും, പ്രിൻസിപ്പാളും, നമ്മുടെ ഡൽഹി മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 11-ാമതു ശ്രാദ്ധപ്പെരുന്നാളും ആ വന്ദ്യ പിതാക്കന്മാർ അന്ത്യ വിശ്രമം കൊള്ളുന്ന കോട്ടയം പഴയസെമിനാരി ചാപ്പലിൽ 2007 നവംബർ 23, 24 (വെള്ളി, ശനി) തീയതികളിൽ സംയുക്തമായി നടത്തപ്പെടുന്നതാണ്. ഈ രണ്ടു പിതാക്കന്മാരും സഭയുടെ പ്രവൃത്തി പഥത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ളവരാണ്. അവരെ ഓർക്കുകയും അവരുടെ കരണീയമായ പ്രവർത്തനങ്ങൾ പ്രോജ്വലമാക്കുകയും ചെയ്യുന്നത് സഭാ മക്കൾക്ക് അനുഗ്രഹകരമാണ്. പെരുന്നാൾ ദിവസങ്ങളായ 23, 24 തീയതികളിൽ നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരും ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും.

23-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തപ്പെടുന്ന സന്ധ്യാ നമസ്കാരത്തിലും തുടർന്നുള്ള പ്രദക്ഷിണത്തിലും, 24-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് ആരംഭിക്കുന്ന വി. മൂന്നിന്മേൽ കുർബ്ബാനയിലും, നിങ്ങൾ ഏവരും നേർച്ചകാഴ്ചകളോടു കൂടി വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകണമെന്ന് സ്നേഹത്തോടെ നാം ഓർമിപ്പിക്കുന്നു. ഈ പിതാക്കന്മാരുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ,
സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2007 നവംബർ മാസം 10 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.